**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3351** **01-03-2023 - ൽ മറുപടിയ്ക്ക്**

**വീവേഴ്സ് കോളനിയിലെ താമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാറശാല നെടുവാൻവിള, വെള്ളറട എന്നീ സ്ഥലങ്ങളിലെ വീവേഴ്സ് കോളനിയിലെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ? | (എ) | വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാറശാല, നെടുവാൻവിള, വെള്ളറട എന്നീ സ്ഥലങ്ങളിലെ വീവേഴ്സ് കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ ഭൂമി വ്യവസായ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയിൽ കൊണ്ടുകിടക്കുന്നതും നിലവിൽ ടി സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ടി സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നോക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് 13.02.2023-ൽ തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഭൂമി വിട്ടൊഴിയൽ നടപടിക്രമ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ നം. എൽ.ആർ./14229/2022-എൽ.ആർ. (ജെ6)<br><br>തിരുവനന്തപുരം കളക്ടറേറ്റിലെ ഫയൽ നം.- ബി3/512991/2023<br><br>നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലെ ഫയൽ നം. - ജെ1/38996/19 & ജെ1/13437/2021 |

സെക്ഷൻ ഓഫീസർ